# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2937** **02.04.2013-ൽ മറുപടിക്ക്**

## റോഡു പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്തു റോഡു പ്രവൃത്തികൾക്ക് നോൺപ്ലാൻ ഇനത്തിൽ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (എ) ദേശീയപാതാ വിഭാഗത്തിലെ കൂടുതൽ പ്രവൃത്തികളും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അനുമതിയോടെ മാത്രമേ നടക്കുകയുള്ളു. സംസ്ഥാന ബജറ്റിൽ നിന്നുള്ള പ്രവൃത്തികൾക്ക് പണിയുടെ ആവശ്യമനുസരിച്ചാണ് തുക വകയിരുത്തുന്നത്.<br>ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അടങ്ങുന്ന ജില്ലാതല കമ്മിറ്റി റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച പരിശോധന നടത്തി മുൻഗണനാപട്ടികയിൽ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനതല ടാസ്ക്ഫോഴ്സ് കമ്മിറ്റിയ്ക്കു സമർപ്പിക്കുകയും ചീഫ് എഞ്ചിനീയറും, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും, ഫിനാൻസ് ഓഫീസറും ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറും ഉൾപ്പെടുന്ന സംസ്ഥാനതല സമിതി നിർദ്ദേശങ്ങൾ പരിശോധിച്ച് ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. |
| (ബി) ജില്ലകൾക്ക് അനുവദിക്കുന്ന തുക സെക്ഷൻ ഓഫീസുകൾക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ? | (ബി) സെക്ഷൻ ഓഫീസുകൾക്ക് തുക അനുവദിക്കുന്നതിന് പ്രത്യേകമാനദണ്ഡം നിഷ്കർഷിച്ചിട്ടില്ല. ജില്ലാതല സമിതിയാണ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിർദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ